# ചർച്ച് ഓഫ് ഗോഡ് ഇൻ ഇന്ത്യാ, മുളക്കുഴ
## കേരളാ സ്റ്റേറ്റ്

# സൺഡേസ്കൂൾ ഡിപ്പാർട്ട്മെന്റ്

# സൺഡേസ്കൂൾ
# വാർത്താ പത്രിക 1/2025-26
# &
# താലന്ത് പരിശോധന
# അറിയിപ്പുകൾ - 2025

കർത്താവിൽ പ്രിയ സഭയ്ക്കും ശുശ്രൂഷകനും സൺഡേസ്കൂൾ കുട്ടികൾക്കും പ്രവർത്തകർക്കും ക്രിസ്തീയ വന്ദനങ്ങൾ!

നമ്മുടെ സൺഡേസ്കൂൾ പ്രവർത്തനങ്ങൾ ശതാബ്ദി വർഷത്തിൽ ദൈവകൃപയാൽ അനുഗ്രഹമായി മുന്നേറുന്നു എന്ന് അറിയിക്കുന്നതിൽ സന്തോഷിക്കുന്നു. വിപുലമായ പദ്ധതികളോടെ പ്രവർത്തന നിരതമായിരിക്കുന്ന സൺഡേസ്കൂൾ പ്രസ്ഥാനത്തിന് ഏവരുടെയും പ്രാർത്ഥനയും പിന്തുണയും അഭ്യർത്ഥിക്കുന്നു.

ജൂബിലി വർഷത്തിൽ സൺഡേസ്കൂളിനെ സംബന്ധിച്ച സുപ്രധാനമായ അറിയിപ്പുകൾ ചുവടെ ചേർക്കുന്നു.

**1. പുതിയ അധ്യയന വർഷം**

ഈ വർഷം കുട്ടികൾ സ്കൂളിൽ പഠിക്കുന്ന അതേ ക്ലാസിലേക്ക് സൺഡേസ്കൂളിലും ക്ലാസ് കയറ്റം നൽകി ഇതിനോ

ടകം അധ്യയനം ആരംഭിച്ചു എന്നു കരുതുന്നു. എല്ലാവർക്കും മികവുറ്റ സൺഡേസ്കൂൾ അധ്യയന വർഷം ആശംസിക്കുന്നു.

**2. രജിസ്ട്രേഷൻ**

മുൻ വർഷങ്ങളിൽ ചെയ്തു വരുന്നതുപോലെ ഈ വർഷവും രജിസ്ട്രേഷൻ എല്ലാ സഭകളും ചെയ്യേണ്ടതാണ്. സഭയ്ക്ക് 100 രൂപയും ഒരു കുട്ടിക്ക് 20 രൂപയുമാണ് രജിസ്ട്രേഷൻ ഫീസ്. സെമസ്റ്റർ പരീക്ഷകൾക്ക് പ്രത്യേക ഫീസ് ഉണ്ടായിരിക്കുന്നതല്ല. താലന്തുപരിശോധന, സെമസ്റ്റർ പരീക്ഷകൾ, സ്കോളർഷിപ്പ്, എസ്എസ്എൽസി മെറിറ്റ് അവാർഡ്, ഗ്രാജുവേഷൻ തുടങ്ങി സൺഡേസ്കൂളുമായി ബന്ധപ്പെട്ടുള്ള എല്ലാ കാര്യങ്ങൾക്കും രജിസ്ട്രേഷൻ നിർബന്ധമാണ്. പ്രീ സ്കൂൾ മുതൽ 12-ാം ക്ലാസ് വരെയുള്ള എല്ലാ കുട്ടികളും ഇതോടൊപ്പം അയച്ചിരിക്കുന്ന ഫോമിൽ രജിസ്റ്റർ ചെയ്യണം.

**ഹെഡ്മാസ്റ്ററോ സ്ഥലം സഭാ പാസ്റ്ററോ ഫോം പൂരിപ്പിച്ച ശേഷം രണ്ട് സെറ്റ് ഫോട്ടോകോപ്പികൂടി എടുത്ത് ആകെ മൂന്ന് സെറ്റ് ഫോം രജിസ്ട്രേഷൻ ഫീസ് ഉൾപ്പെടെ സെന്റർ സൺഡേസ്കൂൾ സെക്രട്ടറിയെ ജൂലൈ 8ന് മുൻപ് ഏൽപ്പിക്കേണ്ടതാണ്.** സെന്ററിലെ ലിസ്റ്റുകൾ ഒന്നിച്ച് രജിസ്ട്രേഷൻ ഫീസ് ഉൾപ്പെടെ **ജൂലൈ 15നു** മുമ്പ് സെന്റർ സെക്രട്ടറി, സോണൽ സെക്രട്ടറിക്ക് കൈമാറേണ്ടതാണ്. സോണൽ സെക്രട്ടറി **ജൂലൈ 22നു** മുമ്പ് ഫോം സ്റ്റേറ്റ് ഓഫീസിൽ എത്തിച്ച് ഫീസ് അടച്ച് രജിസ്റ്റർ ചെയ്ത് സീൽ പതിപ്പിക്കേണ്ടതാണ്. ഇങ്ങനെ സീൽ പതിപ്പിച്ച രജിസ്ട്രേഷൻ ഫോമിന്റെ അടിസ്ഥാനത്തിലാകണം സെന്റർ, മേഖല താലന്തുപരിശോധനകൾ നടത്താൻ. രജിസ്ട്രേഷനെ സംബന്ധിച്ച കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടുക: **പാസ്റ്റർ ആശിഷ് ആന്റണി അലക്സാണ്ടർ,** 9496108686

**3. SSLC അവാർഡ്:** പത്താം ക്ലാസിലെ വാർഷിക പരീക്ഷയ്ക്ക് Full A+, A1 നേടിയ കുട്ടികളെ ജൂൺ മാസം നടക്കുന്ന മേഖലാ സമ്മേളനങ്ങളിൽ ആദരിക്കുന്നതാണ്. അവാർഡിന് അർഹരായവർ താഴെ കൊടുത്തിരിക്കുന്ന ലിങ്കിലൂടെ രജിസ്റ്റർ ചെയ്യേണ്ടതാണ്. അപേക്ഷിക്കുവാനുള്ള അവസാന തീയതി ജൂൺ 1. https://tinyurl.com/sscogsslcaward25

**4. മേഖലാ സമ്മേളനങ്ങൾ**

സൺഡേസ്കൂൾ മേഖലാ സമ്മേളനങ്ങൾ ജൂൺ മാസം നമ്മുടെ 9 സോണുകളിലും നടത്തുന്നതാണ്. സൺഡേസ്കൂളിന്റെ ഈ വർഷത്തെ ഫോമുകൾ അടങ്ങിയ ഫയൽ വിതരണം ചെയ്യുന്നതിനാൽ എല്ലാ സൺഡേസ്കൂൾ സെന്റർ സെക്രട്ടറിമാരും, സോണൽ ഭാരവാഹികളും സൺഡേസ്കൂൾ ഹെഡ്മാസ്റ്റർമാരും ഈ മീറ്റിംഗിൽ നിർബന്ധമായി പങ്കെടുക്കേണ്ടതാണ്. ഓരോ സോണിലെയും തീയതിയും സമയവും ചുവടെ ചേർത്തിരിക്കുന്നു.

| മേഖല | സ്ഥലം | തീയതി | സമയം |
|---|---|---|---|
| പത്തനംതിട്ട | കോഴഞ്ചേരി ഗിൽഗാൽ ചർച്ച് | ജൂൺ 6 വെള്ളി | 9.30 am. |
| കോട്ടയം | പുതുപ്പള്ളി ചർച്ച് | ജൂൺ 7 ശനി | 9.30 am. |
| തിരുവല്ല | തിരുവല്ല ടൗൺ ചർച്ച് | ജൂൺ 8 ഞായർ | 2.30 pm. |
| നോർത്ത് മലബാർ | പരിയാരം മൗണ്ട് പാരാൻ ബൈബിൾ കോളജ് | ജൂൺ 11 ബുധൻ | 10.00 am. |
| ഹൈറേഞ്ച് | കട്ടപ്പന ചർച്ച് | ജൂൺ 18 ബുധൻ | 10.00 am. |
| തിരുവനന്തപുരം | പട്ടം ചർച്ച് | ജൂൺ 21 ശനി | 9.30 am. |
| കൊട്ടാരക്കര | കൊട്ടാരക്കര ടൗൺ ചർച്ച് | ജൂൺ 21 ശനി | 2.30 pm. |
| മലബാർ | ചെറുതുരുത്തി ചർച്ച് | ജൂൺ 28 ശനി | 10.00 am. |
| എറണാകുളം | പാലാരിവട്ടം, മെട്രോ ചർച്ച് | ജൂൺ 28 ശനി | 3.00 pm. |

കഴിഞ്ഞ വർഷത്തെ എസ്.എസ്. ഡേ ഓഫറിംഗിൽ 5000 രൂപയിൽ കൂടുതൽ ഓഫീസിൽ അടച്ചവർക്ക് മെമന്റോയും ഈ സമ്മേളനത്തിൽ നൽകുന്നതാണ്.

**5. 'സാന്ത്വനം' സ്കോളർഷിപ്പ്**

മാതാപിതാക്കൾ മരിച്ചവരോ കിടപ്പുരോഗികളോ ആയ, 50 നിർദ്ധന വിദ്യാർത്ഥികൾക്ക് സ്റ്റേറ്റ് അടിസ്ഥാനത്തിൽ ഒരു മാസം 2000 രൂപാ വീതം 10 മാസം സ്കോളർഷിപ്പ് നൽകുന്നു. കേന്ദ്രത്തിൽ രജിസ്റ്റർ ചെയ്ത് സൺഡേസ്കൂളിൽ പഠിക്കുന്നതും സ്കൂളിൽ 7-ാം ക്ലാസ് മുതൽ 12-ാം ക്ലാസ് വരെ പഠിക്കുന്ന കുട്ടികൾക്കാണ് ഇതിന് അർഹതയുള്ളത്. മേഖലാ അടിസ്ഥാനത്തിൽ നാല് കുട്ടികൾക്ക് വീതമാണ് അവസരം ഉള്ളത്.

സെന്റർ സെക്രട്ടറിയുടെ ശുപാർശയിൽ സോണൽ സെക്രട്ടറിക്ക് അപേക്ഷ കൈമാറുകയും സോണൽ കമ്മറ്റിയുടെ പരിശോധനയ്ക്കുശേഷം സ്റ്റേറ്റ് സെക്രട്ടറിക്ക് **ജൂലൈ 10ന്** മുമ്പ് നിർദ്ദിഷ്ട ഫോമിൽ അപേക്ഷ നൽകേണ്ടതുമാണ്. **'സാന്ത്വനം'** എന്ന പേരിൽ നടത്തുന്ന ഈ ജീവകാരുണ്യ പ്രവർത്തനത്തിന് സ്പോൺസേഴ്സിനെ ആവശ്യമുണ്ട്. താല്പര്യമുള്ളവർ സെക്രട്ടറിയുമായി ബന്ധപ്പെടുമല്ലോ.

ജുബിലി പ്രവർത്തനങ്ങളുടെ ധനശേഖരണാർത്ഥം നൽകിയ 'ശതാബ്ദി സ്മാരക സ്റ്റാമ്പി'ന്റെ കളക്ഷൻ എത്രയും വേഗം സൺഡേസ്കൂൾ ഓഫീസിൽ അടയ്ക്കുവാൻ അഭ്യർത്ഥിക്കുന്നു.

**6. ശതാബ്ദി മെഗാ ബൈബിൾ ക്വിസ്**

സഭാ വ്യത്യാസമില്ലാതെ സൺഡേസ്കൂൾ പഠിക്കുന്ന 18 വയസിൽ താഴെയുള്ള കുട്ടികൾക്കായി അഖില കേരള അടിസ്ഥാനത്തിൽ സെന്റർ, മേഖലാ, സ്റ്റേറ്റ് തലങ്ങളിലായി നടത്തുന്ന മെഗാ ബൈബിൾ ക്വിസ് പ്രോഗ്രാമാണ് ഇത്. ഒരു സഭയിൽ നിന്ന് രണ്ട് അംഗങ്ങൾ വീതമുള്ള രണ്ട് ടീമുകൾക്ക് പങ്കെടുക്കാം. ഒരു ടീമിന് 100 രൂപ രജിസ്ട്രേഷൻ ഫീസ് ഉണ്ടായിരിക്കും. ഒന്നും രണ്ടും സ്ഥാനക്കാർക്ക് അടുത്ത തലത്തിലേക്ക് പ്രവേശനമുണ്ടായിരിക്കും. സെന്റർ തല വിജയികൾക്ക് മെമന്റോയും മേഖല തലങ്ങളിൽ വിജയിക്കുന്നവർക്ക് ട്രോഫികളും സ്റ്റേറ്റ് തലത്തിൽ വിജയിക്കുന്നവർക്ക് ക്യാഷ് അവാർഡും ലഭിക്കുന്നതാണ്. **സ്റ്റേറ്റ് തലത്തിൽ ഒന്നാം സ്ഥാനം ലഭിക്കുന്ന ടീമിന് 25,000 രൂപയും രണ്ടാം സ്ഥാനക്കാർക്ക് 15,000 രൂപയും മൂന്നാം സ്ഥാനക്കാർക്ക് 10,000 രൂപയും ക്യാഷ് അവാർഡ് ലഭിക്കും.** ആദ്യഘട്ടത്തിൽ ബൈബിളിലെ ലൂക്കോസ്, അപ്പൊസ്തല പ്രവൃത്തികൾ, എബ്രായർ എന്നീ പുസ്തകങ്ങളിൽ നിന്നും രണ്ടാം ഘട്ടത്തിൽ ആദ്യഘട്ടത്തിലെ പുസ്തകങ്ങൾ കൂടാതെ യെശയ്യാവിന്റെ പുസ്തകവും അവസാനഘട്ടത്തിൽ മുൻ ഘട്ടങ്ങളിലെ പുസ്തകങ്ങളെ കൂടാതെ വെളിപ്പാടു പുസ്തകത്തിൽ നിന്നുമുള്ള ചോദ്യങ്ങളും ഉണ്ടായിരിക്കും. 20 ചോദ്യങ്ങളായിരിക്കും ഓരോ ഘട്ടങ്ങളിലുമുണ്ടായിരിക്കുന്നത്. സെന്റർ തലത്തിൽ **ജൂലൈ 24** നും മേഖലാതലത്തിൽ **ഓഗസ്റ്റ് 15** നും അതതു കേന്ദ്രങ്ങളിൽ മത്സരം നടക്കും. ഗ്രാന്റ് ഫിനാലെ **സെപ്റ്റംബർ 1 തിങ്കളാഴ്ച** മുളക്കുഴയിൽ നടക്കും.

വിശദ വിവരങ്ങൾ അടങ്ങിയ നോട്ടീസ് മേഖലാ സമ്മേളനത്തിൽ വിതരണം ചെയ്യുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് ബ്രദർ സാബു ജോർജ്ജ്, **9446253940**

**7. സ്റ്റേറ്റ് താലന്തുപരിശോധന**

സ്റ്റേറ്റ് താലന്തു പരിശോധന **2025 ഒക്ടോബർ 20 തിങ്കളാഴ്ച രാവിലെ 9 മുതൽ മുളക്കുഴയിൽ** വച്ച് നടക്കും. കൂടുതൽ വിവരങ്ങൾ 8-ാം പേജ് മുതൽ ചേർത്തിരിക്കുന്ന 'താലന്തുപരിശോധന അറിയിപ്പുകൾ-2025' ൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടുതൽ വിവരങ്ങൾക്കും സംശയനിവാരണത്തിനുമായി കൺവീനേഴ്സുമായി ബന്ധപ്പെടുക: **പാസ്റ്റർ സാബു പി. ചാണ്ടി, 9447440469, ബ്രദർ ജിനോ വർഗീസ് 8281006029**

**8. സൺഡേസ്കൂൾ ഡേ**

**നവംബർ 2-ാം** തീയതി ഞായറാഴ്ച ഈ വർഷത്തെ സൺഡേസ്കൂൾ ഡേ ആയി വേർതിരിച്ചിരിക്കുകയാണ്. അന്നേ ദിവസം കുട്ടികളുടെ വിവിധ പരിപാടികൾ സഭയിൽ നടത്തേണ്ടതാണ്. സൺഡേസ്കൂൾ പ്രവർത്തനങ്ങളുടെ വിവിധങ്ങളായ സാമ്പത്തീക ആവശ്യങ്ങൾക്കായി പ്രത്യേക സ്തോത്രക്കാഴ്ച ശേഖരിച്ച് സ്റ്റേറ്റ് ഓഫീസിൽ അടക്കേണ്ടതാണ്.

**9. സെമസ്റ്റർ പരീക്ഷകൾ**

സൺഡേസ്കൂൾ പരീക്ഷ 17 പാഠങ്ങൾ വീതമുള്ള രണ്ട് സെമസ്റ്ററുകളായി നടക്കുന്നതാണ്. **(ഫസ്റ്റ് സെമസ്റ്റർ നവംബർ 16നും സെക്കന്റ് സെമസ്റ്റർ 2026 മെയ് 10നും നടക്കും. ഗ്രാജുവേഷൻ സർവ്വീസ് 2026 ജൂൺ 6 ശനിയാഴ്ച മുളക്കുഴയിൽ നടക്കും)** സെമസ്റ്റർ പരീക്ഷയ്ക്ക് സ്റ്റേറ്റിൽ നിന്ന് ക്വസ്റ്റ്യൻ പേപ്പർ പ്രിന്റ് ചെയ്ത് സെന്റർ സെക്രട്ടറിമാർ മുഖേന സഭകൾക്ക് നൽകുന്നതാണ്. ഓരോ പരീക്ഷയും കഴിഞ്ഞ് കേന്ദ്രീകൃത മൂല്യനിർണ്ണയം നടത്തി മാർക്ക് രേഖപ്പെടുത്തിയ സ്ഥിതിവിവര ഫോം സെന്റർ സെക്രട്ടറി, സ്റ്റേറ്റിന് കൈമാറേണ്ടതാണ്. മാർക്കിനു പകരം **ABCDE** എന്ന ഗ്രേഡിങ് സമ്പ്രദായത്തിലായിരിക്കും റിസൾട്ട് പബ്ലിഷ് ചെയ്യുന്നത്.

**(A=85-100, B=70-84, C=55-69, D=40-54, E=Below 40)**

കൂടുതൽ വിവരങ്ങൾക്ക് പരീക്ഷാ കൺട്രോളറുമായി ബന്ധപ്പെടുക: **പാസ്റ്റർ ഫിന്നി ഏബ്രഹാം, 9846958976**

**10. സ്റ്റേറ്റ് ക്യാമ്പ്**

ദൈവഹിതമായാൽ നമ്മുടെ സംസ്ഥാന സ്റ്റുഡൻസ് & ടീച്ചേഴ്സ് ക്യാമ്പ് **ഡിസംബർ 22,23,24** തീയതികളിൽ തിരുവല്ല ചരൽക്കുന്നിൽ നടക്കും.

**11. മിഷൻ സൺഡേസ്കൂൾ സിലബസ്**

ശതാബ്ദി പ്രവർത്തനങ്ങളുടെ ഭാഗമായി കേരളത്തിലെയും ഹിന്ദി മേഖലകളിലെയും മിഷൻ ഫീൽഡുകളിലെ കുട്ടികൾക്കായി പ്രത്യേക സിലബസ് പുറത്തിറക്കുന്നു. കേരളാ സ്റ്റേറ്റ് ഹോം മിഷൻ ഡിപ്പാർട്ട്മെന്റിന്റെ സഹകരണത്തോടെയാണ് ഈ നവീന പദ്ധതി സൺഡേസ്കൂൾ ഡിപ്പാർട്ട്മെന്റ് ഏറ്റെടുക്കുന്നത്. പുതുതായി വിശ്വാസത്തിലേക്കു വരുന്ന കുടുംബങ്ങളിലെ കുട്ടികൾക്ക് ലളിതമായി ബൈബിൾ പാഠങ്ങൾ ലഭ്യമാക്കുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. എട്ടു വർഷം നീളുന്ന പാഠപദ്ധതിയാണ് മലയാളം, ഹിന്ദി ഭാഷകളിൽ തയ്യാറാകുന്നത്.

**12. സുവനീർ**

ശതാബ്ദി വർഷത്തോടനുബന്ധിച്ച് പുറത്തിറക്കുന്ന സുവനീറിലേക്ക് സൺഡേസ്കൂളുമായി ബന്ധപ്പെട്ട അനുഭവങ്ങൾ, ലേഖനങ്ങൾ, കഥകൾ, കവിതകൾ (മുതിർന്നവർ, അദ്ധ്യാപകർ, കുട്ടികൾ എന്നിവരുടെ) ജൂബിലി സുവനീർ, സണ്ടേസ്കൂൾ ഡിപ്പാർട്ട്മെന്റ്, മുളക്കുഴ, ചെങ്ങന്നൂർ എന്ന വിലാസത്തിൽ ഒക്ടോബർ 30-നകം അയയ്ക്കാവുന്നതാണ്. യോഗ്യമായത് പ്രസിദ്ധീകരിക്കുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് എഡിറ്റർ **പാസ്റ്റർ ഗ്ലാഡ്സൺ ജോണിനെ ബന്ധപ്പെടുക - 7558947926**

**13. ലീഡേഴ്സ് കോൺക്ലേവ്**

കേരളത്തിലെ എല്ലാ പെന്തെക്കോസ്ത് സഭകളിലേയും സൺഡേസ്കൂൾ പ്രസ്ഥാനങ്ങളിലെ ലീഡേഴ്സിനെ ഉൾപ്പെടുത്തിക്കൊണ്ട് സംഘടിപ്പിക്കുന്ന ഈ പ്രത്യേക സമ്മേളനം 2026 ജനുവരി 3ന് മുളക്കുഴയിൽ നടക്കും.

**14. ജൂബിലി സ്തോത്ര ശുശ്രൂഷ**

ഒരു വർഷം നീണ്ടുനിൽക്കുന്ന ശതാബ്ദി പ്രവർത്തനങ്ങൾക്ക് സമാപനം കുറിച്ചുകൊണ്ടുള്ള സമ്മേളനം 2026 ഫെബ്രുവരി 28ന് നടക്കും. പൂർവ്വവിദ്യാർത്ഥി സമ്മേളനം, 25 വർഷം പൂർത്തീകരിച്ച അദ്ധ്യാപകരെ ആദരിക്കൽ എന്നിവ ഈ സമ്മേളനത്തിൽ നടക്കും.

**15. വെബ്സൈറ്റ്**

നമ്മുടെ വെബ്സൈറ്റ് www.cogsundayschool.org ലോഗിൻ ചെയ്താൽ സൺഡേസ്കൂളിനെക്കുറിച്ചുള്ള വാർത്തകളും അറിയിപ്പുകളും മാതൃകാ ചോദ്യപേപ്പറുകളും ലഭിക്കുന്നതാണ്.

**16. ഉപസംഹാരം**

ജൂബിലി വർഷത്തെ വിപുലമായ പ്രവർത്തനങ്ങളിലൂടെ ഈ വർഷം അവിസ്മരണീയമാക്കാനും കുട്ടികളുടെ ഇടയിലെ പ്രവർത്തനങ്ങൾക്ക് പുത്തനുണർവ്വ് ഉണ്ടാക്കുവാനും ഈ വർഷം നമുക്ക് കഴിയട്ടെ എന്ന് പ്രാർത്ഥിക്കുന്നു. 'ക്രിസ്തു കേന്ദ്രീകൃത സൺഡേസ്കൂൾ, ബാല സൗഹൃദ സഭ' എന്നുള്ളതാണ് നമ്മുടെ ശതാബ്ദി മുദ്രാവാക്യം. അതിനായി നമുക്ക് ഒന്നിച്ച് യത്നിക്കാം. ദൈവം നമ്മെ അനുഗ്രഹിക്കട്ടെ.

സൺഡേസ്കൂൾ പ്രസ്ഥാനത്തിനുവേണ്ടി

**പാസ്റ്റർ വി.പി. തോമസ്**
(എസ്.എസ്. സ്റ്റേറ്റ് പ്രസിഡന്റ്)
9447270768

**പാസ്റ്റർ സാലു വർഗീസ്**
(എസ്.എസ്. സ്റ്റേറ്റ് സെക്രട്ടറി)
9847820405

മുളക്കുഴ
27–05–2025

# ചർച്ച് ഓഫ് ഗോഡ് ഇൻ ഇന്ത്യ, കേരളാ സ്റ്റേറ്റ്
# സൺഡേസ്കൂൾ ഡിപ്പാർട്ട്മെന്റ്
## താലന്ത് പരിശോധന അറിയിപ്പുകൾ - 2025

നമ്മുടെ സൺഡേസ്കൂൾ സ്റ്റേറ്റ് ബോർഡ്, വിദ്യാർത്ഥികൾക്കായി പാഠ്യാനുബന്ധ വിഷയങ്ങളിലുള്ള താലന്തുപരിശോധന നടത്തുന്നതിന്റെ നിർദ്ദേശങ്ങൾ താഴെ കൊടുത്തിരിക്കുന്നു. പ്രായം അനുസരിച്ച് വിദ്യാർത്ഥികളെ മൂന്നു ഗ്രൂപ്പുകളായി തിരിച്ചിരിക്കുന്നു.

1. **സബ് ജൂണിയേഴ്സ്** 6-9 വയസ്സ്
   (01/01/2016 നും 31/12/2019 നും മദ്ധ്യേ ജനിച്ചവർ)
2. **ജൂണിയേഴ്സ്** 10-12 വയസ്സ്
   (01/01/2013 നും 31/12/2015 നും മദ്ധ്യേ ജനിച്ചവർ)
3. **ഇന്റർമീഡിയറ്റ്** 13-16 വയസ്സ്
   (01/01/2009 നും 31/12/2012 നും മദ്ധ്യേ ജനിച്ചവർ)

**ഓരോ ഗ്രൂപ്പിനും പങ്കെടുക്കാവുന്ന വിഷയങ്ങൾ**

### I. സബ് ജൂണിയേഴ്സ്

1. സംഗീതം (ആൺകുട്ടികൾ) - 2 മിനിറ്റ്
2. സംഗീതം (പെൺകുട്ടികൾ) - 2 മിനിറ്റ്
3. പ്രസംഗം - 3 മിനിറ്റ്
4. ബൈബിൾ ക്വിസ്സ്
5. കഥ പറച്ചിൽ - 5 മിനിറ്റ്

### II. ജൂണിയേഴ്സ്

1. സംഗീതം (ആൺകുട്ടികൾ) - 2 മിനിറ്റ്
2. സംഗീതം (പെൺകുട്ടികൾ) - 2 മിനിറ്റ്
3. പ്രസംഗം - 5 മിനിറ്റ്
4. ബൈബിൾ ക്വിസ്സ്
5. വാക്യം എഴുത്ത് (മലയാളം) - 30 മിനിറ്റ്
6. വാക്യം എഴുത്ത് (ഇംഗ്ലീഷ്) - 30 മിനിറ്റ്
7. ചിത്രരചന
   (വാട്ടർ കളർ പെയിന്റിംഗ്) - 30 മിനിറ്റ്

### III. ഇന്റർ മീഡിയറ്റ്

1. സംഗീതം (ആൺകുട്ടികൾ) - 2 മിനിറ്റ്
2. സംഗീതം (പെൺകുട്ടികൾ) - 2 മിനിറ്റ്
3. പ്രസംഗം - 5 മിനിറ്റ്
4. ബൈബിൾ ക്വിസ്സ്
5. വാക്യം എഴുത്ത് (മലയാളം) - 30 മിനിറ്റ്
6. വാക്യം എഴുത്ത് (ഇംഗ്ലീഷ്) - 30 മിനിറ്റ്
7. ഉപന്യാസം - 30 മിനിറ്റ്

### IV. പൊതുമത്സരങ്ങൾ

1. സമൂഹഗാനം - 3 മിനിറ്റ്
2. ഗ്രൂപ്പ് ക്വിസ്സ്
3. കഥാരചന - 30 മിനിറ്റ്
4. ഉപകരണ സംഗീതം (3-4 മിനിറ്റ്)
   (ഓർഗൻ/കീ ബോർഡ് മാത്രം)

**നിബന്ധനകൾ**

**1.** ഓരോ വിഭാഗത്തിലും പ്രായപരിധി കൃത്യമായി പാലിക്കേണ്ടതാണ്. എല്ലാ തലങ്ങളിലും പങ്കെടുക്കുന്നവരുടെ ജനനത്തീയതി സ്റ്റേറ്റിൽ സൺഡേസ്കൂൾ രജിസ്റ്റർ ചെയ്തിരിക്കുന്ന ഫോമിൽ ഉള്ളതുപോലെ തന്നെയാണ് എന്ന് ബന്ധപ്പെട്ട ഹെഡ്മാസ്റ്റർ/സെക്രട്ടറി ഉറപ്പാക്കേണ്ടതാണ്. ജനനത്തീയതി നൽകാത്തവരെ മത്സരത്തിൽ പങ്കെടുപ്പിക്കുവാൻ കഴിയുന്നതല്ല.

**2.** പൊതുമത്സര ഇനങ്ങളിൽ എല്ലാ വിഭാഗത്തിലുള്ളവർക്കും പ്രായപരിധി നോക്കാതെ പങ്കെടുക്കാം. **സ്റ്റേറ്റിൽ ഈ വർഷം (2025) രജിസ്റ്റർ ചെയ്തവരും ഇപ്പോൾ സൺഡേസ്കൂളിൽ പഠിച്ചുകൊണ്ടിരിക്കുന്നവരും 01-01-2009 നുശേഷം ജനിച്ചവരുമായ കുട്ടികൾ മാത്രമേ ഏതിനത്തിലും പങ്കെടുക്കാവൂ.**

**3. സംഗീതം**

A. സിംഗിൾ: സംഗീതത്തിൽ മാത്രം ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും പ്രത്യേകമായി മത്സരം നടത്തുന്നതാണ്. സംഗീതത്തിൽ രാഗം, താളം, ലയം എന്നിവ പരിഗണിക്കുന്നതാണ്. നോക്കി പാടാൻ അനുവദിക്കുന്നതല്ല. ഇംഗ്ലീഷിലോ മലയാളത്തിലോ പാട്ട് പാടാവുന്നതാണ്. ക്ലാസ്സിക്കൽ സോങ് അനുവദിക്കുന്നതല്ല.

B. ഗ്രൂപ്പ്: ഗ്രൂപ്പ് ഇനത്തിൽ ഒരു ടീമിൽ മൂന്നു പേരിൽ കുറയാനോ, ഏഴുപേരിൽ കൂടാനോ പാടില്ല. ആൺകുട്ടികൾക്കും, പെൺകുട്ടികൾക്കും പ്രത്യേക മത്സരം ഇല്ല. (ഒരുമിച്ചുപാടാം). ഇംഗ്ലീഷിലോ മലയാളത്തിലോ പാട്ട് പാടാവുന്നതാണ്.

**4. പ്രസംഗം**

**സബ് ജൂണിയേഴ്സ്:** നല്ല ഇടയൻ, വിശ്വാസം, പ്രാർത്ഥന

**ജൂണിയേഴ്സ് :** 5 മിനിറ്റ്മുമ്പ് വിധികർത്താക്കൾ വിഷയം നല്കും

**ഇന്റർമീഡിയറ്റ് :** 5 മിനിറ്റ്മുമ്പ് വിധികർത്താക്കൾ വിഷയം നല്കും

സബ് ജൂണിയേഴ്സ് വിഭാഗത്തിന് തന്നിരിക്കുന്ന വിഷയങ്ങളിലൊന്ന് നറുക്കിട്ടെടുത്ത് നൽകേണ്ടതാണ്. സംഘാടകർ നൽകുന്ന ബൈബിൾ ഒഴികെ വേറൊരു കുറിപ്പോ, പുസ്തകങ്ങളോ പ്രസംഗിക്കുമ്പോൾ ഉപയോഗിക്കാൻ പാടില്ല. മുഖവുര, വിഷയാവതരണം, ബൈബിളിൽ നിന്നുള്ള ഉദ്ധരണികൾ, ഉപസംഹാരം എന്നിവ പരിഗണിക്കുന്നതായിരിക്കും.

**5. വാക്യം എഴുത്ത്**

ഈ വർഷം ഓരോ വിഭാഗത്തിലും സ്റ്റേറ്റ് ബോർഡ് നൽകിയിരിക്കുന്ന നൂറു വാക്യങ്ങളിൽ നിന്ന് മുപ്പത് മിനിറ്റുകൊണ്ട് എഴുതാൻ

കഴിയുന്നത് എഴുതേണ്ടതാണ്. (ഇംഗ്ലീഷിലും മലയാളത്തിലും വാക്യങ്ങൾ pdf ആയി നൽകുന്നതാണ്). ഇംഗ്ലീഷിനും മലയാളത്തിനും ഈ വർഷം പ്രത്യേക മത്സരമായിരിക്കും നടക്കുന്നത്. റെഫറൻസ് എഴുതാത്ത വാക്യങ്ങൾ സ്വീകാര്യമല്ല. ക്രമനമ്പറിട്ടേ വാക്യങ്ങൾ എഴുതാവു. ആദ്യവാക്യത്തിൽ പുസ്തകത്തിന്റെ പേര് എഴുതിയ ശേഷം അതേപുസ്തകത്തിൽ നിന്നും തുടർച്ചയായി എഴുതുന്ന വാക്യങ്ങൾ (Ditto) ഇട്ട്, അദ്ധ്യായവും വാക്യവും എഴുതിയാൽ മതി. വാക്യങ്ങൾ വായിക്കാൻ കഴിയുന്നവിധം എഴുതേണ്ടതാണ്.

**6. ബൈബിൾ ക്വിസ്സ്**

**സബ് ജൂണിയേഴ്സിന് യോഹന്നാന്റെ സുവിശേഷത്തിൽ നിന്നും, ജൂണിയേഴ്സിനു ലൂക്കോസ്, എബ്രായർ എന്നീ പുസ്തകങ്ങളിൽ നിന്നും ഇന്റർമീഡിയറ്റിനു അപ്പോ. പ്രവൃത്തി, വെളിപ്പാട് പുസ്തകങ്ങളിൽ നിന്നുമായിരിക്കും ബൈബിൾ ക്വിസ്സിനുള്ള ചോദ്യങ്ങൾ തയ്യാറാക്കുന്നത്.** ചോദ്യങ്ങൾ ചോദിച്ച് ഉത്തരങ്ങൾ നമ്പരിട്ട് എഴുതി വാങ്ങേണ്ടതാണ്. ഗ്രൂപ്പ് ക്വിസ്സിൽ നാല് അംഗങ്ങളിൽ കൂടുതൽ പാടില്ല. **ഗ്രൂപ്പ് ക്വിസ്സിന് മൊത്തം ബൈബിളിൽനിന്ന് ചോദ്യങ്ങൾ ഉണ്ടായിരിക്കും.**

**7. കഥ പറച്ചിൽ**

ക്രിസ്തീയ ആശയമുള്ള ഏതു കഥയും അവതരിപ്പിക്കാം. അവതരണത്തിനാണ് പ്രാധാന്യം. ആംഗ്യങ്ങൾ അനുവദനീയമാണ്.

**8. ചിത്ര രചന**

ജൂനിയർ വിഭാഗത്തിനു മാത്രമായിരിക്കും ചിത്രരചന ഉണ്ടായിരിക്കുന്നത്. വാട്ടർ കളർ പെയ്ന്റിംഗ് മാത്രമാണ് അനുവദനീയം. കളർ അവരവർ കൊണ്ടുവരേണ്ടതാണ്. വിഷയം തക്കസമയത്ത് നൽകുന്നതാണ്.

**9. ഉപന്യാസം**

വിഷയം തക്കസമയത്തു മാത്രം നൽകുന്നതാണ്. മുഖവുര, വിഷയാവതരണം, ഖണ്ഡിക, സാന്ദർഭികമായ ഉദ്ധരണികൾ, ആശയാവിഷ്ക്കരണം, ഉപസംഹാരം എന്നിവ വിലയിരുത്തുന്നതാണ്. എഴുതുന്ന സമയം പുസ്തകങ്ങളും മറ്റും ഉപയോഗിക്കുവാൻ അനുവദിക്കുന്നതല്ല.

**10. കഥാരചന**

വിഷയം തക്ക സമയത്തു നൽകുന്നതാണ്. കഥാരചനയിൽ ഭാവന, അവതരണം എന്നിവയ്ക്കാണ് പ്രാധാന്യം.

**11. ഉപകരണ സംഗീതം**

ഉപകരണ സംഗീതവിഭാഗത്തിൽ ഓർഗൻ മാത്രമാണ് അനുവദനീയം. താഴെ പറയുന്ന പാട്ടുകളിൽ നിന്നും ഒരെണ്ണം ചീട്ടിട്ടെടുത്ത് വായിക്കേണ്ടതാണ്.

1. എന്നെ നടത്തും ആ പൊന്നുകരമോ
2. സീയോൻ മണാളനെ ശാലേമിൻ പ്രിയനെ
3. ഇന്നയോളം എന്നെ നടത്തി
4. എനിക്കായ് കരുതുന്നവൻ ഭാരങ്ങൾ വഹിക്കുന്നവൻ

റിഥം ഉപയോഗിക്കുവാൻ പാടില്ല. ഫലം വിലയിരുത്തലിൽ Tone clarity, Note accuracy, Chord എന്നിവ കണക്കിലെടുക്കുന്നതാണ്.

**12.** പാട്ടിനും (സോളോയ്ക്ക് മാത്രം), കഥപറച്ചിലിനും മൈക്ക് ഉപയോഗിക്കാവുന്നതാണ്. പ്രോഗ്രാം തുടങ്ങുന്നതിന് മുമ്പ് സെറ്റ് ചെയ്ത മൈക്കിന് പിന്നീട് ശബ്ദ ക്രമീകരണം വരുത്താൻ പാടില്ല.

**13.** സെന്റർ/മേഖല/സ്റ്റേറ്റ് തലത്തിൽ ഓരോ വിഷയത്തിനും കുറഞ്ഞതു മൂന്നു വ്യക്തികൾ/ഗ്രൂപ്പുകൾ മത്സരിക്കുവാനില്ലെങ്കിൽ ആ വിഷയം നടത്തുന്നതല്ല. എന്നാൽ സെന്റർ തലത്തിൽ ഏതെങ്കിലും ഒരിനത്തിൽ ഒരു വ്യക്തി/ഗ്രൂപ്പ് മാത്രമേയുള്ളു എന്നതിനാൽ മത്സരം നടത്താതിരുന്നാലും, നിലവാരമുള്ള പരിപാടിയാണെന്നു ബന്ധപ്പെട്ട കമ്മറ്റിക്കു ബോദ്ധ്യമായാൽ അടുത്ത തലത്തിൽ അവരെ അയയ്ക്കാവുന്നതാണ്.

**14.** സോണൽ മത്സരം നടത്താതെ സെന്ററിൽ മാത്രം മത്സരം നടത്തി അയയ്ക്കുന്ന ലിസ്റ്റ് സ്വീകരിക്കുന്നതല്ല. അവരെ സ്റ്റേറ്റ് മത്സരത്തിൽ പങ്കെടുപ്പിക്കുന്നതല്ല.

**15.** വിവിധ തലങ്ങളിൽ താഴെപ്പറയുന്ന തീയതികളിൽ താലന്തു പരിശോധന നടത്തി ലിസ്റ്റ് അടുത്തതലത്തിലേക്ക് നൽകേണ്ടതാണ്.

* **പ്രാദേശിക തലത്തിൽ**: ആഗസ്റ്റ് 15- നുള്ളിൽ താലന്ത് പരിശോധന നടത്തി ലിസ്റ്റ്, സെന്റർ സൺഡേസ്കൂൾ സെക്രട്ടറിയെ ഏല്പിക്കണം.
* **സെന്റർ തലത്തിൽ**: സെപ്റ്റംബർ 15-നുള്ളിൽ താലന്ത് പരിശോധന നടത്തി, സോണൽ സെക്രട്ടറിക്ക് ലിസ്റ്റ് കൈമാറണം.
* **സോണൽ തലത്തിൽ**: ഒക്ടോബർ 8-നുള്ളിൽ താലന്ത് പരിശോധന നടത്തി സ്റ്റേറ്റ് ഓഫീസിൽ ലിസ്റ്റ് ഏല്പിക്കണം.

**16. സംസ്ഥാനതല മത്സരം: 2025 ഒക്ടോബർ 20 തിങ്കളാഴ്ച രാവിലെ 9.00 ന് മുളക്കുഴയിൽ നടക്കുന്നതാണ്**. മത്സരം തുടങ്ങുന്നതിന് അര മണിക്കൂർ മുമ്പ് ചെസ്റ്റ് നമ്പറുകൾ വിതരണം

ചെയ്യുന്നതാണ്. സ്റ്റേറ്റ് മത്സര വിജയികൾക്ക് മത്സരാനന്തരം സമ്മാനങ്ങൾ നൽകുന്നതാണ്. സോണൽ/സ്റ്റേറ്റ് തലത്തിൽ ട്രോഫികൾ നേടുമ്പോൾ സഭാശുശ്രൂഷകന്റെ ഉത്തരവാദിത്വത്തിൽ ഏറ്റവും കൂടുതൽ പോയിന്റുകൾ നേടുന്ന സഭയിൽ ട്രോഫി സൂക്ഷിക്കേണ്ടതാണ്.

**17.** സെന്ററിൽനിന്നും മേഖലാതല താലന്തുപരിശോധനയ്ക്കുള്ള ലിസ്റ്റിന്റെ 2 കോപ്പി വീതം സോണൽ സെക്രട്ടറിക്ക് അയച്ചുകൊടുക്കേണ്ടതാണ്. സോണിൽ നിന്നും സംസ്ഥാനതല താലന്തുപരിശോധനയ്ക്കുള്ള ലിസ്റ്റിന്റെ രണ്ടു കോപ്പി വീതം മുകളിൽ കൊടുത്തിരിക്കുന്ന തീയതിയ്ക്കു മുമ്പ് സ്റ്റേറ്റ് സെക്രട്ടറിയുടെ പേരിൽ കേന്ദ്ര ഓഫീസിലേക്ക് അയച്ചുതരേണ്ടതാണ്. താമസിച്ചു ലഭിക്കുന്ന ലിസ്റ്റ് പരിഗണിക്കുന്നതല്ല.

**18.** സെന്റർ/മേഖലാ/സ്റ്റേറ്റ് താലന്തു പരിശോധനകളിൽ കുട്ടികളെ തനിയെ വിടാതെ, ഉത്തരവാദിത്തപ്പെട്ടവർ കൂട്ടിക്കൊണ്ടു വരേണ്ടതാണ്. സെന്റർ തലങ്ങളിൽ വൈ.പി.ഇ യും സണ്ടേസ്കൂളും സംയുക്തമായി താലന്തുപരിശോധന നടത്താവുന്നതാണ്. സോൺ തലത്തിൽ മത്സരം വെവ്വേറെ നടത്തുന്നതാണ് ഉചിതം. താലന്തു പരിശോധനാ സംബന്ധമായി ഏതെങ്കിലും വിശദീകരണമോ, സംശയനിവാരണമോ വേണ്ടവർ **താലന്ത് പരിശോധനാ കൺവീനർ പാസ്റ്റർ സാബു പി. ചാണ്ടിയുടെ (9447440469)** നമ്പറിൽ ബന്ധപ്പെടാവുന്നതാണ്.

**19.** എല്ലാ മത്സരാർഥികളും സ്റ്റേറ്റിൽ രജിസ്റ്റർ ചെയ്തവർ ആയിരിക്കണം. മുകളിൽ പറഞ്ഞിരിക്കുന്ന നിബന്ധനകൾ പാലിച്ച് മത്സരത്തിൽ പങ്കെടുത്ത് വിജയികളായവരെ മാത്രമേ സ്റ്റേറ്റ് തലത്തിൽ മത്സരിപ്പിക്കുകയുള്ളു. എല്ലാവരുടെയും പ്രാർത്ഥനയും സഹകരണവും പ്രതീക്ഷിക്കുന്നു.

കർത്തൃശുശ്രൂഷയിൽ നിങ്ങളുടെ സഹോദരന്മാർ,

**പാസ്റ്റർ വി.പി. തോമസ്**
(സ്റ്റേറ്റ് പ്രസിഡന്റ്)
Mob: 9447270768

**പാസ്റ്റർ സാലു വർഗ്ഗീസ്**
(സ്റ്റേറ്റ് സെക്രട്ടറി)
Mob: 9847820405

മുളക്കുഴ
27-05-2025

*web:* www.cogsundayschool.org; *email:* cgisundayschool@gmail.com